## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 395*** **20.3.2018-ൽ മറുപടിയ്ക്ക്**

## കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, ഇ.കെ.വിജയൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**,, സി.കെ. ആശ** | | **ശ്രീ.വി.എസ്.സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) | കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ;വ്യക്തമാക്കുമോ; | എ) | ഉണ്ട്. സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സർവ്വകലാശാല വാർഷിക റിപ്പോർട്ട് എല്ലാവർഷവും പുറത്തിറക്കുന്നു. കൂടാതെ സർവ്വകലാശാലാ ഭരണ സമിതിയിലും മാനേജ്മെന്റ് കൗൺസിലിലും സർവ്വകലാശാലയുടെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ കാലാകാലങ്ങളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗവും അകൗണ്ടന്റ് ജനറലും ഓഡിറ്റ് നടത്തുന്നുണ്ട്. |
| ബി) | ക്ഷീരമേഖലയിൽ ഉല്പാദന വർദ്ധനവിനുതകുന്ന വിവരങ്ങൾ കർഷകരിൽ എത്തിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത സർവ്വകലാശാല നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | ബി) | സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കർഷകരിലേക്ക് എത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>1. സർവ്വകലാശാലയുടെ ഫാമുകളുടെ സേവനങ്ങൾ മുഴുവൻ സമയവും കർഷകർക്ക് ലഭ്യമാണ്.<br>2. കർഷകർക്ക് ശാസ്ത്രീയമായ അറിവ് ലഭ്യമാക്കുന്നതിനായി സർവ്വകലാശാല മൃഗ സംരക്ഷണത്തിൽ വിവിധ മേഖലകളിലുള്ള പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.<br>3. ക്ഷീര മേഖലയിൽ വിവിധ സംരഭകത്വ പരിപാടികൾ, മൃഗ സംരക്ഷണ ക്യാമ്പുകൾ, കർഷക ശാസ്ത്രജ്ഞ സംവാദങ്ങൾ എന്നിവ നടത്തി വരുന്നു.<br>4. കർഷകർക്കായി കൺസൾട്ടൻസി സർവ്വീസസ് നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | 5. കർഷകർക്കായി മലയാളത്തിലുള്ള ഫാം പോർട്ടൽ (കസവ്) ആരംഭിക്കുകയും, ആയതിൽ വിജ്ഞാന വ്യാപന ലേഖനങ്ങൾ, വിജയ ഗാഥകൾ, മൃഗ സംരക്ഷണ വീഡിയോകൾ എന്നിവ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>6. സർവ്വകലാശാലയുടെ ഫാം ജേണലായ **'നീറവ്'** ന്റെ പുതിയ ലക്കം പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| സി) | സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളിലും വകുപ്പ് ഉദ്യോഗസ്ഥരിലും എത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | സി) | ജനിതക ഉദ്ധാരണത്തിന്റെ ഭാഗമായി സർവ്വകലാശാല ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സഹായത്തോടു കൂടി പ്രോജനി ടെസ്റ്റിംഗ് സ്കീം വർഷങ്ങളായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. വിവിധ മൃഗ സംരക്ഷണ ക്യാമ്പ്, വന്ധ്യതാ നിവാരണ ക്യാമ്പ് എന്നിവ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ നടത്തി വരുന്നു. സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ വർഷം തോറും അതാത് ഫാക്കൽറ്റിയിൽ നിന്നും ക്ഷണിക്കുകയും റിസർച്ച് ഹൈലൈറ്റ്സ് എന്ന ബുക്ക്ലെറ്റ് ആയി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. കൂടാതെ കാലാകാലങ്ങളിൽ മൃഗസംരക്ഷണ മേളകൾ, എക്സിബിഷനുകൾ എന്നിവയിൽ പങ്കെടുക്കുകയും സർവ്വകലാശാലയുടെ പ്രവർത്തനം, ഗവേഷണ ഫലങ്ങൾ, സേവനങ്ങൾ, കോഴ്സുകൾ എന്നിവ പൊതുജനത്തിലേക്ക് എത്തിക്കുകയും ചെയ്യുന്നു. |
| ഡി) | കന്നുകാലിക്ഷേമത്തിന് പ്രസ്തുത സർവ്വകലാശാലയുടെ സംഭാവനകൾ വ്യക്തമാക്കുമോ; | ഡി) | വിവിധ മൃഗ സംരക്ഷണ ക്യാമ്പ്, വന്ധ്യതാ നിവാരണ ക്യാമ്പ് എന്നിവ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുന്നു. കേരളത്തിലെ കന്നുകാലി വികസനത്തിനായി സർവ്വകലാശാലയിൽ ബന്ധപ്പെട്ട വിഷയത്തിൽ ഗവേഷണങ്ങൾ നടത്തി വരുന്നു. സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ, ശാസ്ത്രജ്ഞരുടെ അറിവുകൾ എന്നിവ കർഷകരിലേക്കെത്തിക്കുന്നതിനായി 1) Fodder App 2) Food Safety 3) Cattle Dentition 4) Hoof care 5) Precision Farming 6) Indigenous Dairy Products എന്നീ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | സർവ്വകലാശാലയെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ഇ) | സർവ്വകലാശാല താഴെ പറയുന്ന വിദേശ സർവ്വകലാശാലകളുമായി വിദ്യാഭ്യാസ ഗവേഷണ മേഖലകളിൽ ധാരണാ പത്രം ഒപ്പ് വച്ചിട്ടുണ്ട്.<br><br>1) വെസ്റ്റേൺ ഓസ്ട്രേലിയ സർവ്വകലാശാല (ഓസ്ട്രേലിയ)<br>2) എഡിൻബറോ സർവ്വകലാശാല (യു.കെ)<br>3) മിനസോട്ട സർവ്വകലാശാല (യു.എസ്.എ)<br>4) ഗൽഫ് സർവ്വകലാശാല (കാനഡ)<br><br>ചുവടെ പറയുന്ന സർവ്വകലാശാലകളുമായി സഹകരിച്ച് 2011, 2013, 2014, 2015, 2016, 2017 വർഷങ്ങളിൽ സ്റ്റുഡന്റ് സ്റ്റഡി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ട്.<br><br>1) മലേഷ്യയിലെ പുത്ര സർവ്വകലാശാല,<br>2) എഡിൻബറോ സർവ്വകലാശാല (യു.കെ),<br>3) കാനഡയിലെ കാൽഗിരി സർവ്വകലാശാല,<br>4) അമേരിക്കയിലെ ജയിംസ് മാഡിസൺ സർവ്വകലാശാല.<br><br>വെറ്ററിനറി വിഷയങ്ങളിൽ പഠനം നടത്തുന്നതിന് താൽപ്പര്യമുള്ള അമേരിക്കയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് രണ്ടാഴ്ചത്തെ ട്രെയിനിംഗ് നടത്തുന്നതിനായി അമേരിക്കയിലെ നാഷണൽ അക്കാഡമീസ് എന്ന സ്ഥാപനവുമായി ധാരണാ പത്രം ഒപ്പിടുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരുന്നു. മലേഷ്യയിലെ സൈബർ ലിങ്ക്സ് ഇന്റർനാഷണൽ കോളേജുമായി ബി.വി.എസ്.സി കോഴ്സിലേക്ക് വിദ്യാർത്ഥി കൾക്ക് ട്വിന്നിംഗ് പ്രോഗ്രാം നടത്തുന്നതിനുള്ള ചർച്ചകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ